**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 413      20.7.2015-ൽ മറുപടിക്ക്

## ഫ്രണ്ട് ഓഫീസ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.ലൂഡി ലൂയിസ് | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശുപാർശ പരിഗണിച്ച് വരുന്നു. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) വില്ലേജ് ആഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സുഗമവും, കാര്യക്ഷമമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| (സി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ ;<br><br>(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) & (ഡി) അക്ഷയ കേന്ദ്രങ്ങൾ പോലുള്ള വിവിധ ഏജൻസികളിൽ കയറിയിറങ്ങാതെ തന്നെ വില്ലേജാഫീസ്, താലൂക്കാഫീസ് മുതലായ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ